

# ആനത്തടം സെന്റ് തോമസ് ഇടവക

ആളൂർ സെന്റ് ജോസഫ് ദേവാലയ അതിർത്തിയിൽ ആനത്തടം പ്രദേശത്ത്, അന്ന് ആളൂർ പള്ളിവികാരിയായിരുന്ന ബഹു. ഇഗ്നേഷ്യസ് ചിറ്റിലപ്പിള്ളി അച്ചൻ സെന്റ് തോമസ് ദേവാലയത്തിനുവേണ്ടി 1973 ഫെബ്രുവരി 28-ാം തിയ്യതി 2 ഏക്കർ 27 സെന്റ് സ്ഥലം വാങ്ങി. ജനങ്ങളുടെ താത്പര്യം കണക്കിലെടുത്ത് അവർ തന്നെ ലളിതമായ സൗകര്യത്തോടുകൂടി പണിത കുരിശുപള്ളിയിൽ ഞായറാഴ്ച കുർബാന ആരംഭിച്ചത് മാർ ജോസഫ് കുണ്ടുകുളം തിരുമേനിയുടെ കാർമ്മികത്വത്തിലാണ്. 1974-ൽ തന്നെ സിമിത്തേരി പണി ആരംഭിച്ചു. 1975-ൽ പൂർത്തിയായപ്പോൾ പാലക്കാട് രൂപത മെത്രാൻ മാർ ജോസഫ് ഇരിമ്പൻ പിതാവ് സിമിത്തേരിയുടെ വെഞ്ചരിപ്പും പള്ളിയുടെ ശിലാസ്ഥാപനവും നടത്തി. ആളൂർ പള്ളിയുടെ ശതാബ്ദി വർഷമായ 1972-ൽ എടുത്ത തീരുമാനത്തിന്റെ സാക്ഷാത്കാരമായിരുന്നു, ആനത്തടം പള്ളി.

## പള്ളി, ഇടവക

1975-ൽ ബഹു. ജോസഫ് പടമാടൻ അച്ചന്റെ നേതൃത്വത്തിൽ പള്ളിപ്പണി ആരംഭിച്ചു. 1978 ജൂലായ് 3-ാം തിയ്യതി അഭിവന്ദ്യപിതാവ് മാർ ജോസഫ് കുണ്ടുകുളം തിരുമേനി പള്ളി ആശീർവദിച്ചു. 7 വർഷം ആളൂർ പള്ളിയുടെ കീഴിൽ നടത്തു (കുരിശു)പള്ളിയായി നിലനിന്നു. 1985 ജൂലായ് 7-ാം തിയ്യതി ആന്റണി ആലപ്പാട്ട് അച്ചന്റെ കാലത്ത് ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ കരങ്ങളാൽ സ്വതന്ത്ര ഇടവകയായി ഉയർത്തപ്പെട്ടു. രണ്ടു വർഷത്തിനുശേഷം 1987-ൽ സ്ഥിരവികാരിയച്ചനെ കിട്ടി (16.11.1987). ആളൂർ പള്ളിയുടെ കൈവശത്തിലായിരുന്ന "ക്രോസ്‌ലാന്റ്" എന്ന സ്ഥലം 1989-ൽ ബഹു. തോമസ് പാറേക്കാടനച്ചൻ ആനത്തടം പള്ളിക്ക് തീറുതന്നു.

## ഷോപ്പിങ്ങ് കോംപ്ലക്സ്, ഹാൾ

1995-ൽ ബഹു. ജോസ് മാണിപ്പറമ്പിലച്ചന്റെ കാലത്ത് ദാനമായി കിട്ടിയ സ്ഥലത്ത് ആളൂർ ജംഗ്ഷനിൽ 8 മുറികളോടുകൂടിയ ഷോപ്പിംഗ് കോംപ്ലക്സും അതിനോടുചേർന്ന് മാർ തോമാശ്ലീഹായുടെ രൂപവും, ആനത്തടം സെന്ററിൽ കപ്പേളയും സ്ഥാപിച്ചു. ഇതേ കാലഘട്ടത്തിൽ തുടങ്ങിവച്ച മതബോധനഹാൾ



മതബോധന ഹാൾ

പുതിയ വികാരിയായി ചാർജ്ജെടുത്ത തോമസ് പുതുശ്ശേരി അച്ചൻ പണി പൂർത്തീകരിച്ച് 1998-ൽ സിൽവർ ജൂബിലി സ്മാരകമായി ഉയർത്തി.

## വിവിധ സ്ഥാപനങ്ങൾ

ഇടവകയുടെ ആദ്ധ്യാത്മികമായ വളർച്ചയിൽ നടന്നുനീങ്ങാൻ 1996-ൽ ബാംഗ്ലൂർ സെന്റ് ആൻസ് സന്യാസസമൂഹം മഠം സ്ഥാപിച്ചു. 1998-ൽ നഴ്സറി



സെന്റ് ആൻസ് കോൺവെന്റ്

ക്ലാസ്സ് ആരംഭിച്ചു. ഇന്ന് 10-ാം ക്ലാസ്സ് വരെ എത്തി നില്ക്കുന്നു. ഇടവക അതിർത്തിയിൽ 2000-ൽ സ്ഥാപിതമായ മേരി മാതാ ഷേൺസ്റ്റാട്ട് സെമിനാരിയും, കോളേജും നല്ല നിലയിൽ പ്രവർത്തിക്കുന്നു. 1998-ൽ ബഹു. ലിജു പോൾ പറമ്പത്തച്ചന്റെ കാലത്ത് മതസൗഹാർദ്ദം വിളിച്ചറിയിക്കുന്ന മണിമാ



സെന്റ് ആൻസ് സ്ക്കൂൾ

ളികയും പണിതീർത്തു.

ഇവിടെ ഇടവക ആരംഭിച്ച നാൾ മുതൽ കുടുംബയൂണിറ്റുകളുടെ പ്രവർത്തനം ആരംഭിച്ചി



ഷേൺസ്റ്റാട്ട്

രുന്നു. ഇപ്പോൾ 290 വീട്ടുകാരും 7 യൂണിറ്റുകളുമായി പ്രവർത്തിച്ചുവരുന്നു.

ഇടവകയുടെ ചരിത്രഗതിയിൽ 35 വർഷം പഴക്കമുള്ള സിമിത്തേരിയിലെ കപ്പേള പൊളിച്ച് പുതിയ കപ്പേള നിർമ്മിച്ചു. 2.5.2009-ൽ മാർ ജെയിംസ് പിതാവ് ആശിർവദിച്ചു.



സെന്റ് തോമാസ് രൂപം



സെന്റ് തോമസ് സ്തംഭം




ക്രോസ് ലാന്റ്, പുലിപ്പാറക്കുന്ന്